# 'നല്ല പോർ പൊരുതി ജയം നേടാം'

## സങ്കീർത്തനങ്ങൾ 144:01

''എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ യുദ്ധത്തിന് എന്റെ കൈകളെയും പോരിന് എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു.''

ഇങ്ങനെ തലമുറയുടെ തെറ്റായ ജീവിതരീതികളെയോർത്ത് ഒട്ടുമിക്ക മാതാപിതാക്കളും പരിഭ്രാന്തരാകുന്നതായി നമുക്ക് കാണാവുന്നതാണ്.

ഏതൊരു ദൈവപൈതലും ആയിരിക്കുന്നത് ഒരു ആത്മീകമായ യുദ്ധക്കളത്തിലാകുന്നുവല്ലോ. ഒരു യുദ്ധത്തിന് ഒരുങ്ങുന്ന യോദ്ധാവ് നല്ലവണ്ണം യുദ്ധാഭ്യാസം ലഭിച്ചതിനുശേഷമാകുന്നു പോർക്കളത്തിലേക്കിറങ്ങുന്നത്.

ന്യായാധിപന്മാർ 3:2 വായിക്കുമ്പോൾ യുദ്ധം അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ മക്കളുടെ തലമുറകളെ യുദ്ധം അഭ്യസിപ്പിക്കുവാൻ യഹോവ അവർക്കെതിരായി ചില ജാതികളെ കല്പിച്ചാക്കിയിരുന്നതായി നമുക്ക് കാണാവുന്നതാണ്. യിസ്രായേൽ മക്കൾ അവരുടെ മരുപ്രായാണത്തിൽ കനാന്യർ, പെരിസ്യർ, മോവാബ്യർ തുടങ്ങിയവരോട് യുദ്ധം ചെയ്ത് അവരുടെ ദേശം കൈവശമാക്കിയതായി നാം കാണുന്നുവല്ലോ. പുറപ്പാട് 14:14: 'യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും, നിങ്ങൾ മിണ്ടാതിരിക്കുവിൻ.'

സൈന്യത്താലുമല്ല ശക്തിയാലുമല്ല ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയാലത്രെ ദൈവമക്കൾക്ക് ജയം ലഭിച്ചിരിക്കുന്നത്. കാൽവരിക്രൂശിൽ യേശുക്രിസ്തു നമുക്കെതിരെയുണ്ടായിരുന്ന സകല ദുഷ്ടന്റെ വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പിച്ച് അവരുടെമേൽ ജയോത്സവം അവിടുന്ന് കരുതി വെച്ചിട്ടുണ്ട്.. എന്തിനാകുന്നു ഈ പരീക്ഷ ദൈവം അനുവദിക്കുന്നത് എന്ന് റോമർ 8:28 ൽ കാണുന്നു. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെടുന്നവർക്ക് തന്നേ, സകലവും നമുക്കായിക്കൂടി വ്യാപരിക്കുന്നു.'

കാറ്റിനെയും കടലിനെയും ശാസിച്ചമർത്തിയ അരുമനാഥൻ നമ്മുടെ ജീവിതത്തോണിയുടെ അമരത്ത് ഉണ്ടെങ്കിൽ ഒരു ദൈവപൈതലിന് ഭാരപ്പെടേണ്ട ആവശ്യമില്ല. വിശ്വാസജീവിതത്തിൽ എന്തുതന്നെ നേരിട്ടാലും അതെല്ലാം ---യിക്കൂടി വ്യാപരിപ്പിക്കുവാൻ ദൈവം ഇടയാക്കും. വിശ്വാസം കൂടും വേരൂന്നി മറ്റുള്ളവരുടെ മുമ്പാകെ നല്ലൊരു സാക്ഷ്യം വഹിക്കുവാൻ നമുക്കു സാധിക്കും.

പരാമർശം

എബ്രായർ 13:6

“ആകയാൽ കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കുകയാൽ മനുഷ്യൻ എന്നോട് എന്തു ചെയ്യും എന്ന് നമുക്ക് ധൈര്യത്തോടെ പറയാം.”

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 052